"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കാസറഗോഡ് നഗരസഭ - വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന - നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ്-ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.2061/2025/LSGD തീയതി,തിരുവനന്തപുരം, 19-08-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.05.2022 തീയതിയിലെ E18(SC23/2022/KSD) 5456/2022 നമ്പർ കത്ത്.
2. നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ്-ന് നൽകിയ 18.01.2024 തീയതിയിലെ ഇയു4/167/2022-തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
3. ശ്രീ.ബിജു.എസ് സമർപ്പിച്ച 18.11.2024 തീയതിയിലെ പ്രതിവാദ പത്രിക.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.04.2025, 29.07.2025 തീയതികളിലെ LSGD/PD/2841/2023-VIGE5 നമ്പർ കത്ത്.

**ഉത്തരവ്**

കാസറഗോഡ് ഗവ.ജനറൽ ആശുപത്രി കോമ്പൗണ്ടിൽ നിന്നും റോഡ് വികസനത്തിന്റെ മറവിൽ തേക്ക് ഉൾപ്പെടെയുള്ള മരങ്ങൾ യാതൊരു നടപടിക്രമങ്ങളും പാലിക്കാതെ മുറിച്ച് മാറ്റി എന്നും മറ്റുമുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 18/02/2022 തീയതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കാസറഗോഡ് യൂണിറ്റ് ജനറൽ ആശുപത്രി കോമ്പൗണ്ടിലും വിദ്യാനഗർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആശുപത്രി കോമ്പൗണ്ടിൽ നിന്നും അനധികൃതമായി 4 തേക്ക് മരങ്ങളും 4 മറ്റ് വിഭാഗത്തിൽപ്പെട്ട മരങ്ങളും മുറിച്ച് മാറ്റിയതായും മറ്റൊരു തേക്ക് മരം മുറിച്ച് മാറ്റാൻ ശ്രമിച്ച നിലയിലും കണ്ടെത്തിയതായും മുറിച്ച് മാറ്റാൻ ശ്രമിച്ച തേക്ക് മരത്തിന് 2,75,307/- രൂപ മതിപ്പ് വില ഉള്ളതായും മുറിച്ച് കടത്തിയ മരങ്ങൾക്ക് 85,539.58/- രൂപ വില കണ്ടിട്ടുള്ളതായും പരിശോധനയിൽ കണ്ടെത്തുകയും മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ്-നെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്യുകയും ചെയ്തിരുന്നു.

2.മിന്നൽ പരിശോധന റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ്-ൽ നിന്നും വിശദീകരണം ആവശ്യപ്പെടുകയും ടിയാന്റെ വിശദീകരണം തൃപ്തികരമല്ലാത്തതിനെ തുടർന്ന് ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോ 16.11.2024 തീയതിയിൽ കൈപ്പറ്റുകയും കുറ്റാരോപണ മെമ്മോയ്ക്ക് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക

സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

3.വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ടും , നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ് സമർപ്പിച്ച പ്രതിവാദ പത്രികയും പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടും സർക്കാർ വിശദമായി പരിശോധിക്കുകയും കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയും ആയതിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടും തൃപ്തികരമല്ലെന്ന് കാണുന്നു. ആയതിനാൽ നഗരസഭ സെക്രട്ടറി ആയിരുന്ന ശ്രീ.ബിജു.എസ്(നിലവിൽ ജോയിന്റ് ഡയറക്ടർ)-ന് എതിരെ ആരംഭിച്ച അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ഭാഗം V, ചട്ടം 15 പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ച് ഉത്തരവാകുന്നു.

4. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(വിജിലൻസ്) അന്വേഷണം നടത്തി ഈ ഉത്തരവ് കൈപ്പറ്റി 30 ദിവസത്തിനുള്ളിൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
അഡീഷണൽ ഡയറക്ടർ(വിജിലൻസ്) , പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ശ്രീ.ബിജു.എസ്, ജോയിന്റ് ഡയറക്ടർ(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(ഇയു4/167/2022-ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 19-08-2025 16:36:19

സെക്ഷൻ ഓഫീസർ